ഉത്തരം

(എ & ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് 17-3-2003-ലെ ജി. ഒ. (എം. എസ്.) 69/03 ആഭ്യന്തരം ഉത്തരവ് പ്രകാരം ടിയാൾക്ക് പോലീസ് കോൺസ്റ്റബിളായി നിയമനം നൽകുകയും ചെയ്തു. എന്നാൽ 23-4-2004-ൽ ഈ അപേക്ഷകന്റെ രണ്ട് കണ്ണുകൾക്കും കാഴ്ചക്കുറവുള്ളതിനാൽ പോലീസ് കോൺസ്റ്റബിളായി ജോലി ചെയ്യാൻ അയോഗ്യനാണെന്നും ആകയാൽ തസ്തിക മാറ്റി എൽ. ഡി. സി. നിയമനത്തിന് പരിഗണിക്കണമെന്നും പോലീസ് ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തു. അക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറലിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്രട്ടേറിയറ്റിലെ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് ജീവനക്കാരുടെ പ്രൊമോഷൻ

47 [3425] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിലെ അറ്റൻഡർ, ക്ലറിക്കൽ അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(ബി) 1974-ലെ പബ്ലിക്ക് ഡിപ്പാർട്ടുമെന്റിലെ ജി. ഒ. (എം. എസ്) 229/74/പി. ഡി. പ്രകാരം ക്ലറിക്കൽ അസിസ്റ്റന്റുമാരെ ഓഫീസ് സെക്ഷനിലെ അസിസ്റ്റന്റുമാരായി പ്രൊമോട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പേരുവിവരം നൽകാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഓഫീസ് സെക്ഷനിലെ അസിസ്റ്റന്റായി പ്രൊമോട്ട് ചെയ്യപ്പെട്ട ക്ലറിക്കൽ അസിസ്റ്റന്റുമാരുടെയും അതേ തസ്തികയിൽ, ടൈപ്പിസ്റ്റ് വിഭാഗത്തിൽ നിന്നും പ്രൊമോഷൻ ആയി വരുന്നവരുടേയും ജോലിയുടെ സ്വഭാവം ഒന്നാണെന്നിരിക്കെ ഇവരുടെ ശമ്പളസ്കെയിലിൽ അന്തരം ഉണ്ടാകാൻ ഇടയായ സാഹചര്യം അറിയിക്കുമോ?

ഉത്തരം

(എ) ഉൾപ്പെട്ടിട്ടില്ല. തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) ഇല്ല. 13-9-1974-ലെ ജി. ഒ. (എം. എസ്.) 229/74/പി.ഡി. പ്രകാരം ഓഫീസ് സെക്ഷനുകളിൽ സീനിയർ ടൈപ്പിസ്റ്റുമാരേയും, അറ്റൻഡർ തസ്തികയിൽനിന്നും പ്രൊമോഷൻ ലഭിച്ച ക്ലറിക്കൽ അസിസ്റ്റന്റിനേയും 50:50 എന്ന അനുപാതത്തിൽ ഓഫീസ് അസിസ്റ്റന്റായും, ക്ലറിക്കൽ അസിസ്റ്റന്റായും നിയമിച്ചു വരുന്നു. സീനിയർ ടൈപ്പിസ്റ്റിന്റേയും ക്ലറിക്കൽ അസിസ്റ്റന്റിന്റേയും ശമ്പള സ്കെയിലുകൾ സമാനമല്ല.

കമ്പാഷണേറ്റ് എംപ്ലോയ്മെന്റ് പദ്ധതി

48 [3426] ശ്രീ. വി. കെ. സി മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ അന്തരിച്ച ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരമുള്ള നിയമനത്തിന് കാലതാമസം വരുത്തുന്നതിനാൽ ജോലി ലഭിക്കുന്നതിന് മിക്ക വകുപ്പുകളിലും അപേക്ഷകർ കാത്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിയമനം നൽകാനുള്ള കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെല്ലിലേക്ക് ലഭിച്ച എത്ര അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കാനുണ്ട്; ഇതിന്റെ വർഷവും ജില്ലയും തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ഡി) കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ വിപുലപ്പെടുത്തിയും സംസ്ഥാനത്തെ മുഴുവൻ അപേക്ഷകരേയും സെല്ലിന്റെ പരിധിയിൽപ്പെടുത്തിയും നിയമനം നൽകുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിലുള്ള തടസ്സം എന്തെന്ന് വിശദമാക്കാമോ; നിയമനം സെൽവഴി മാത്രം നടപ്പാക്കുന്നതിലുള്ള തടസ്സം എന്തെല്ലാമാണ്;

(എഫ്) താനൂർ എ. ഇ. ഒ. ആയിരിക്കെ അന്തരിച്ച സുകുമാരന്റെ മകൻ ശ്രീ. കെ. ടി. ഷിജുവിന്റെ അപേക്ഷ പരിഗണിച്ചിട്ടുണ്ടോ; 86/സി2/03 എഡ്യൂക്കേഷൻ പ്രകാരമുള്ള ഈ അപേക്ഷകന് എന്ന് ജോലി നൽകാനാവും എന്നും ഏതു വർഷം വരെയുള്ള അപേക്ഷയിലാണ് ഒടുവിൽ നിയമന ഉത്തരവ് നൽകിയത് എന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly